പതിമൂന്നാം കേരള നിയമ സഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5424 — 6.7.2012 ൽ മറുപടിക്ക്

**അവശ്യ മരുന്നുകളുടെ വില വർദ്ധന**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ)അവശ്യ മരുന്നുകളുടെ വില വർദ്ധന നിയന്ത്രിക്കാൻ സ്വീകരിച്ച മാർഗ്ഗങ്ങൾ വിശദമാക്കുമോ; | (എ) നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിങ് അതോറിറ്റി നോട്ടിഫൈ ചെയ്തിട്ടുള്ള മരുന്നുകളുടെ സീലിംഗ് പ്രൈസിന് മുകളിലായി ഏതെങ്കിലും മരുന്ന് വിൽക്കുന്നതായി വിപണിയിൽ കണ്ടുപിടിക്കപ്പെട്ടാൽ അവയുടെ വിപണനം സംസ്ഥാനത്ത് ഒട്ടാകെ നിർത്തി വയ്പിച്ച് ഈ വിവരം എൻപിപിഎ. അറിയിക്കുന്നുണ്ട്. ഇത്തരം മരുന്ന നിർമ്മാതാക്കൾക്കെതിരെ എൻ.പി.പി.എ. വിശദീകരണങ്ങൾ ആവശ്യപ്പെട്ട് ഉചിതമായ നടപടികൾ സ്വീകരിക്കാറുണ്ട്. ഇപ്രകാരം 2012-ൽ നാളിതുവരെ വില നിയന്ത്രണത്തിന് വിരുദ്ധമായി വില്പന നടത്തിയ 53 മരുന്നുകളുടെ വിശദാംശങ്ങൾ അനന്തര നടപടികൾക്കായി എൻ.പി.പി.എ. യെ അറിയിച്ചിട്ടുണ്ട്. ഓരോ വർഷവും 10% വരെ വില വർദ്ധിപ്പിക്കുവാൻ ഔഷധ നിർമ്മാതാക്കൾക്ക് എൻ.പി.പി.എ. യുടെ അനുവാദമുണ്ട്. എന്നാൽ 10% -ൽ കൂടുതൽ വാർഷിക വില വർദ്ധനവ് വന്നിട്ടുള്ള മരുന്നുകളും വകുപ്പ് ഉദ്യോഗസ്ഥർ കണ്ടെത്തി എൻ.പി.പി.എ-യെ അറിയിച്ചിട്ടുണ്ട്.<br>വിപണിയിൽ മരുന്നുകളുടെ വില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന കമ്പനികളിൽ നിന്നും മരുന്ന് നേരിട്ട് സംഭരിച്ച് എല്ലാ സർക്കാർ ആശുപത്രികളിലും സൗജന്യമായും കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേന വളരെ കുറഞ്ഞ വിലയ്ക്കും ലഭ്യമാക്കുന്നുണ്ട്. കൂടാതെ നീതി, മാവേലി മെഡിക്കൽ സ്റ്റോറുകളും മരുന്നുകൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നുണ്ട്. |
| (ബി)പല സ്ഥലങ്ങളിലും സർക്കാർ ആശുപത്രിയോട് ചേർന്നുള്ള ജനത ഫാർമസികൾ അടച്ചുപൂട്ടിയതായി പരാതി ലഭിച്ചിട്ടുണ്ടോ ? | (ബി) ഇല്ല. |

സെക്ഷൻ ഓഫീസർ